**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3789** **27-10-2021 - ൽ മറുപടിയ്ക്ക്**

**നിയമന, വിശേഷാൽ ചട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, സർക്കാർ ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിയമന ചട്ടങ്ങൾ, വിശേഷാൽ ചട്ടങ്ങൾ എന്നിവ തയ്യാറാക്കാത്തതിനാൽ നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ല എന്നത് പരിശോധിക്കുമോ; | (എ) | നിയമനം പി.എസ്.സി ക്കു വിട്ട സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ട രൂപീകരണം പൂർത്തിയായയിടങ്ങളിൽ മാത്രമേ പി.എസ്.സി മുഖേന നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. പി.എസ്.സി സംവരണ തത്വങ്ങൾ പാലിച്ച്കൊണ്ടാണ് നിയമനശിപാർശ നൽകുന്നത് . |
| (ബി) | വിശേഷാൽ ചട്ടങ്ങളും നിയമന ചട്ടങ്ങളും തയ്യാറാക്കി സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | പ്രസ്തുത ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടും ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി. വഴി നിയമനം നടത്താത്ത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | വിവിധ വകുപ്പുകളിൽ നാളിതുവരെ തീരുമാനമാകാത്ത വിശേഷാൽ ചട്ടങ്ങൾ, നിയമന ചട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു |
| (ഇ) | പ്രസ്തുത ചട്ടങ്ങൾ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുവാനും ചട്ടപ്രകാരം നിയമനം നടത്തുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | പി.എസ്.സി വഴി നിയമനത്തിനുള്ള വിശേഷാൽ ചട്ടങ്ങൾ/ നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ ചട്ടരൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 20.10.2020 ലെ സ.ഉ. (സാധാ) നം. 214/2020-ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്, ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, നിയമ വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. വിശേഷാൽ ചട്ട/ റിക്രൂട്ട്മെന്റ് ചട്ട രൂപീകരണ |

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ട/ റിക്രൂട്ട്മെന്റ് ചട്ട രൂപീകരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കണമെന്ന് പ്രസ്തുത കമ്മിറ്റി അതത് ഭരണവകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ട രൂപീകരണ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ